# പതിനഞ്ചാം കേരള നിയമസഭ

പതിനാലാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2025 സെപ്റ്റംബർ 30, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

24(*151) മദ്യപാനം മൂലമുള്ള പ്രശ്നങ്ങൾ സംബന്ധിച്ച് അവബോധം നൽകാൻ പദ്ധതി

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് മദ്യത്തിന്റെ ഉപഭോഗം സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടെന്നും 2011-16 കാലയളവിനെ അപേക്ഷിച്ച് 2016-25-ൽ ഇന്ത്യൻ നിർമ്മിത വിദേശമദ്യത്തിന്റെ വില്പനയും ഉപഭോഗവും കുറഞ്ഞിട്ടുണ്ടെന്നും സഭയെ അറിയിച്ചു. വിമുക്തി മിഷന്റെ നേതൃത്വത്തിൽ നടത്തിവരുന്ന ബോധവൽക്കരണ

പ്രവർത്തനങ്ങളിലൂടെയും കൗൺസിലിങ്ങിലൂടെയും ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് സാധിച്ചിട്ടുണ്ടെന്നും പ്രധാനമായും വിദ്യാർഥികളെയും യുവജനങ്ങളെയും കേന്ദ്രീകരിച്ചാണ് പ്രവർത്തനങ്ങൾ നടത്തുന്നതെന്നും തിരുവനന്തപുരം, എറണാകുളം, കോഴിക്കോട് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന വിമുക്തി മിഷന്റെ മേഖലാ കൗൺസിലിങ് സെന്ററുകൾ മുഖേന 25010 പേർക്ക് കൗൺസിലിങ് നൽകുകയും ഡി-അഡിക്ഷൻ സെന്ററുകൾ മുഖേന 164434 പേർക്ക് ചികിത്സ നൽകുകയും ചെയ്തിട്ടുണ്ടെന്നും എറണാകുളം ജില്ലയിൽ സ്ത്രീകൾക്കും കുട്ടികൾക്കും വേണ്ടി ഡി-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നുണ്ടെന്നും മന്ത്രി വ്യക്തമാക്കി. സർക്കാർ വകുപ്പുകളുടെയും എൻ.എസ്.എസ്, എസ്.പി.സി., എൻ.സി.സി., സ്കൗട്ട്സ് & ഗൈഡ്സ്, ലഹരി വിരുദ്ധ ക്ലബ്ബുകൾ, റസിഡൻസ് അസോസിയേഷനുകൾ, കലാകായിക ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ എന്നിവയുടെ സഹായത്തോടെയും ഏകോപനത്തോടെയും ലഹരിക്കെതിരെ എക്സൈസ് വകുപ്പ് ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ചുവരുന്നു. ബോധവൽക്കരണ ക്ലാസുകൾ കൈകാര്യം ചെയ്യുന്നതിന് എക്സൈസ് വകുപ്പിലെ ഉദ്യോഗസ്ഥർക്ക് NIMHANS മുഖേന പരിശീലനം നൽകുകയും

ബോധവൽക്കരണ പ്രവർത്തനങ്ങളുടെ ഭാഗമായി രക്ഷിതാക്കൾക്കും അധ്യാപകർക്കും അവബോധം നൽകുന്നതിനായി 'കരുതൽ', വിദ്യാർഥികളെ ബോധവൽക്കരിക്കുന്നതിനായി 'കവചം' എന്നീ കൈപുസ്തകങ്ങൾ തയ്യാറാക്കുകയും പ്രൈമറി തലത്തിലെ കുട്ടികളുടെ രക്ഷിതാക്കളെയും അധ്യാപകരെയും ഉൾപ്പെടുത്തി 140 സ്കൂളുകളിൽ "ബാല്യം അമൂല്യം" പദ്ധതി ആരംഭിക്കുകയും മറ്റ് സ്കൂളുകളിലേക്ക് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചുവരികയും ചെയ്യുന്നു. ലഹരിക്കെതിരായ പ്രവർത്തനങ്ങളുടെ ഭാഗമായി വിദ്യാർഥികളുടെ കായികവും കലാപരവുമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് 'ഉണർവ്' പദ്ധതി നടപ്പിലാക്കുകയും ലഹരിവിരുദ്ധ ക്ലബ്ബുകളുടെ ആഭിമുഖ്യത്തിൽ 1000 സ്കൂളുകളിൽ 'ടീം വിമുക്തി' എന്ന പേരിൽ സ്പോർട്സ് ടീമുകൾ രൂപീകരിക്കുകയും ഈ വർഷം 500 സ്കൂളുകളിൽ കൂടി ആരംഭിക്കുന്നതിന് 60 ലക്ഷം രൂപ വകയിരുത്തുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനം ലഹരി വിമുക്തമാക്കുകയെന്ന ലക്ഷ്യത്തോടെ എക്സൈസ് വകുപ്പിന്റെ നേതൃത്വത്തിൽ വിവിധ വകുപ്പുകളുടെയും പൊതുജനങ്ങളുടെയും സഹകരണത്തോടെ ഒരു വർഷം നീണ്ടുനിൽക്കുന്ന ലഹരി വിരുദ്ധ ക്യാമ്പയിൻ സംഘടിപ്പിച്ചുവരുന്നു. ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് നേതൃത്വം

നൽകുന്നതിന് സംസ്ഥാനതലം മുതൽ വാർഡുതലം വരെ വിവിധ കമ്മിറ്റികൾ പ്രവർത്തിക്കുന്നുണ്ടെന്നും ലഹരിവിരുദ്ധ പ്രവർത്തനങ്ങൾക്ക് ആഭ്യന്തര, വിദ്യാഭ്യാസ വകുപ്പുകളുടെ പിന്തുണ ലഭിക്കുന്നുണ്ടെന്നും ലഹരിവ്യാപനം തടയുന്നതിന് സ്കൂൾ പരിസരങ്ങളിൽ പരിശോധനകൾ നടത്തി കേസുകൾ രജിസ്റ്റർ ചെയ്യുന്നുണ്ടെന്നും മയക്കുമരുന്നിനെതിരെ സംസ്ഥാന വ്യാപകമായി നടത്തിയ ഓപ്പറേഷൻ ക്ലീൻ സ്ലേറ്റ്-ന്റെ ഭാഗമായി റെയ്ഡുകളും വാഹന പരിശോധനകളും നടത്തി കുറ്റക്കാരെ അറസ്റ്റ് ചെയ്യുന്നുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു. ലഹരി വിരുദ്ധ പ്രവർത്തനങ്ങളിൽ ഭാഗമാകുന്നത് സംബന്ധിച്ച് സംസ്ഥാനത്തെ വിദ്യാർഥികൾക്ക് മുഖ്യമന്ത്രി കത്തെഴുതിയിട്ടുണ്ടെന്ന് ഉപചോദ്യങ്ങളിൽ ഇടപെട്ടുകൊണ്ട് പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി അറിയിച്ചു.

25 (*152) <u>ജയിൽ മതിലുകളിലെ വൈദ്യുതവേലികൾ</u>

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, തിരുവനന്തപുരം, കണ്ണൂർ, വിയ്യൂർ സെൻട്രൽ ജയിലുകളിലും വിയ്യൂർ അതീവസുരക്ഷാ ജയിലിലും വിയ്യൂർ ജില്ലാ ജയിലിലെ വനിതാ ബ്ലോക്കിലും മതിലുകളുടെ മുകളിൽ വൈദ്യുതവേലി സ്ഥാപിച്ചിട്ടുണ്ടെന്നും ഇവയുടെ

പ്രവർത്തനക്ഷമത പരിശോധിക്കുന്നതിനുള്ള ചുമതല അതത് ജയിൽ സൂപ്രണ്ടുമാർക്കാണെന്നും സഭയെ അറിയിച്ചു. 25-07-2025-ന് കണ്ണൂർ സെൻട്രൽ ജയിലിൽ നിന്നും തടവുപുള്ളി മതിൽ ചാടിയ സംഭവത്തിൽ നടത്തിയ പ്രാഥമികാന്വേഷണത്തിൽ ജയിലിലെ വൈദ്യുതവേലി പ്രവർത്തനക്ഷമമല്ലായിരുന്നുവെന്ന് വിലയിരുത്തിയിട്ടുണ്ടെന്നും വീഴ്ച വരുത്തിയ ജയിൽ ജീവനക്കാരെ സസ്പെന്റ് ചെയ്തിട്ടുണ്ടെന്നും ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി സ്വീകരിക്കുന്നതാണെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. സംഭവത്തെക്കുറിച്ച് അന്വേഷിക്കുന്നതിന് ജസ്റ്റിസ് (റിട്ട) ശ്രീ. സി. എൻ. രാമചന്ദ്രൻ നായർ, മുൻ പോലീസ് മേധാവി ശ്രീ. ജേക്കബ് പുന്നൂസ് എന്നിവരെ ഉൾപ്പെടുത്തി കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ടെന്നും പ്രസ്തുത കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാനത്തെ ജയിലുകളിലെ സുരക്ഷാസംവിധാനം ഉറപ്പാക്കുമെന്നും മുഖ്യമന്ത്രി അറിയിച്ചു. സെൻട്രൽ ജയിലുകളിൽ ലേസർ സംവിധാനമുള്ള ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ക്യാമറകൾ, ഫയർ അലാറം സിസ്റ്റം എന്നിവ സ്ഥാപിക്കുന്നതിന് തീരുമാനിക്കുകയും ഇലക്ട്രിക് ഫെൻസിങ് സംവിധാനമൊരുക്കുന്നതിന് പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തുകയും

ചെയ്തിട്ടുണ്ട്. പ്രശ്നക്കാരും അതീവസുരക്ഷ ആവശ്യമുള്ളതുമായ തടവുകാരെ ആശുപത്രി, കോടതി എന്നിവിടങ്ങളിലേയ്ക്ക് കൊണ്ടുപോകുമ്പോൾ പോലീസ് എസ്കോർട്ട് ശക്തമാക്കുകയും ജയിൽ പുള്ളികളെ വീഡിയോ കോൺഫറൻസിങ് മുഖേന കോടതികളിൽ ഹാജരാക്കുന്നത് വ്യാപിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യും. കൊടുംകുറ്റവാളികൾക്ക് ജയിലുകളിൽ പ്രത്യേക നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുമെന്നും കോട്ടയം-പത്തനംതിട്ട മേഖലയിൽ സെൻട്രൽ ജയിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടെന്നും അട്ടക്കുളങ്ങര വനിതാ ജയിൽ, പൂജപ്പുര സെൻട്രൽ ജയിൽ എന്നിവ അനക്സ് ചെയ്ത് പ്രതികളുടെ ബാഹുല്യം കുറക്കുന്നതിന് നടപടി സ്വീകരിക്കുമെന്നും ആലപ്പുഴ ജില്ലാ ജയിൽ, മുട്ടം ജയിൽ എന്നിവയുടെ പ്രവർത്തനത്തിന് തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിശോധിക്കുമെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മുഖ്യമന്ത്രി അറിയിച്ചു.

26 (*153) ലഹരി വിരുദ്ധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ

തദ്ദേശസ്വയംഭരണവും എക്സൈസും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. ബി. രാജേഷ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് നിലവിൽ ഹൈസ്കൂൾ, ഹയർ സെക്കൻഡറി, കോളേജ് തലങ്ങളിലാണ് ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുള്ളതെന്നും സ്കൂൾ തലത്തിൽ 5862-ഉം കോളേജ് തലത്തിൽ 899-ഉം ക്ലബ്ബുകൾ പ്രവർത്തിക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. ക്ലബ്ബുകൾക്ക് രജിസ്റ്റർ നമ്പർ നൽകിയിട്ടുണ്ടെന്നും ഓരോ വർഷവും പുന:സംഘടിപ്പിക്കുന്നുണ്ടെന്നും ക്ലബ്ബിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ നിർദേശങ്ങൾ നൽകുന്നതിന് ഒരു എക്സൈസ് ഉദ്യോഗസ്ഥനെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ബോധവൽക്കരണ ക്ലാസുകൾ കൈകാര്യം ചെയ്യുന്നതിന് 142 എക്സൈസ് ഉദ്യോഗസ്ഥർക്ക് NIMHANS മുഖേന പരിശീലനം നൽകിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. ക്ലബ്ബുകളുടെ പ്രവർത്തനങ്ങളിലൂടെ കുട്ടികളിലെ ലഹരി ഉപയോഗം തടയുന്നതിനും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരി ഉല്പന്നങ്ങൾ കടന്നുവരുന്നില്ലെന്ന് ഉറപ്പുവരുത്തുന്നതിനും സാധിച്ചിട്ടുണ്ടെന്നും കുട്ടികളിൽ കായിക ലഹരി വളർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നുണ്ടെന്നും

വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ സമീപം മഫ്ത്തി, ബൈക്ക് പട്രോളിങ്ങുകൾ ഏർപ്പെടുത്തിയിട്ടുണ്ടെന്നും മന്ത്രി വ്യക്തമാക്കി. രക്ഷിതാക്കൾക്കും അധ്യാപകർക്കും അവബോധം നൽകുന്നതിനായി 'കരുതൽ', വിദ്യാർഥികളെ ബോധവൽക്കരിക്കുന്നതിനായി 'കവചം' എന്നീ കൈപ്പുസ്തകങ്ങൾ തയ്യാറാക്കുകയും പ്രൈമറി തലത്തിലെ കുട്ടികളുടെ രക്ഷിതാക്കളെയും അധ്യാപകരെയും ഉൾപ്പെടുത്തി 140 സ്കൂളുകളിൽ 'ബാല്യം അമൂല്യം' പദ്ധതി നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർഥികളുടെ കായികവും കലാപരവുമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനും ലഹരി ഉപയോഗം കണ്ടെത്തി കൗൺസിലിങ് നൽകുന്നതിനുമായി 'ഉണർവ്', 'ടീം വിമുക്തി', 'നേർവഴി', കോളേജ് ഹോസ്റ്റലുകൾ കേന്ദ്രീകരിച്ച് 'ശ്രദ്ധ' എന്നീ പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. ലഹരി വിരുദ്ധ പ്രവർത്തനങ്ങൾക്ക് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നിശ്ചിത തുക ചെലവഴിക്കുന്നതിന് അനുവാദം നൽകിയിട്ടുണ്ടെന്നും എക്സൈസ്, പോലീസ് വകുപ്പുകൾ ലഹരിക്കെതിരെ നവമാധ്യങ്ങളിൽ ഇടപെടലുകൾ നടത്തുന്നുണ്ടെന്നും എക്സൈസ് വകുപ്പിലെ ഐ.ടി. സെൽ ശക്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

27(*154)ചൂരൽമല-മുണ്ടക്കൈ ദുരന്തനിവാരണ പുനരധിവാസ പ്രവർത്തനങ്ങൾ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ) നൽകിയ മറുപടിയിൽ, ചൂരൽമല-മുണ്ടക്കൈ ഉരുൾപൊട്ടലുമായി ബന്ധപ്പെട്ട് സർക്കാർ നടത്തിയ ദുരന്ത നിവാരണ പ്രവർത്തനങ്ങൾ രാജ്യത്തിനുതന്നെ മാതൃകയാണെന്നും സർക്കാർ എൽസ്റ്റോൺ എസ്റ്റേറ്റിൽനിന്നും ഏറ്റെടുത്ത 64.4705 ഹെക്ടർ ഭൂമിയിൽ ടൗൺഷിപ്പ് നിർമ്മാണം ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നുണ്ടെന്നും 2026 ജനുവരി മാസത്തിനുള്ളിൽ  ടൗൺഷിപ്പ് നിർമ്മാണം പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നതെന്നും സഭയെ അറിയിച്ചു. ടൗൺഷിപ്പിന് പുറത്തുതാമസിക്കുന്നതിന്  സമ്മതപത്രം സമർപ്പിച്ച 104 ഗുണഭോക്താക്കൾക്ക് 15 ലക്ഷം രൂപ വീതം വിതരണം ചെയ്തിട്ടുണ്ടെന്നും മൂന്ന് ഘട്ടങ്ങളിലായുള്ള പുനരധിവാസത്തിന് 295 ഗുണഭോക്താക്കൾ സമ്മതപത്രം സമർപ്പിച്ചിട്ടുണ്ടെന്നും അന്തിമ ലിസ്റ്റ് പ്രസിദ്ധീകരിച്ചതിനുശേഷം ലഭ്യമായ അപ്പീൽ അപേക്ഷകളുടെ അടിസ്ഥാനത്തിൽ 49 ഗുണഭോക്താക്കളെക്കൂടി ഉൾപ്പെടുത്തിയിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. മരണപ്പെട്ടവരുടെ മൈനറായ അവകാശികൾക്ക് 6 ലക്ഷം രൂപ 18 വയസിനുശേഷം

പിൻവലിക്കാവുന്ന തരത്തിൽ ജില്ലാ ശിശു സംരക്ഷണ ഓഫീസറുടെയും കുട്ടിയുടെയും പേരിലുള്ള ജോയിന്റ് അക്കൗണ്ടിൽ നിക്ഷേപിക്കുകയും പലിശ അതത് മാസങ്ങളിൽ കുട്ടിയുടെ അക്കൗണ്ടിലേക്ക് ട്രാൻസ്ഫർ ചെയ്ത് നൽകുന്നതിന് വയനാട് ജില്ലാ കളക്ടറെ ചുമതലപ്പെടുത്തുകയും മാതാപിതാക്കൾ നഷ്ടപ്പെട്ട 7 കുട്ടികൾക്കും മാതാപിതാക്കളിൽ ഒരാൾ നഷ്ടപ്പെട്ട 14 കുട്ടികൾക്കും പഠനാവശ്യത്തിന് 10 ലക്ഷം രൂപ വീതം 18 വയസ് വരെ തുക പിൻവലിക്കാൻ കഴിയില്ലെന്ന വ്യവസ്ഥയിൽ ജില്ലാ കളക്ടറുടെ അക്കൗണ്ടിൽ നിക്ഷേപിക്കുകയും ദുരന്തബാധിതരുടെ തുടർചികിത്സ പദ്ധതി നടപ്പിലാക്കുന്നതിനും ഇതുവരെയുള്ള ചികിത്സാ ആവശ്യങ്ങൾക്ക് ചെലവായ തുക പ്രതിപൂരണം ചെയ്ത് നൽകുന്നതിനുമായി വയനാട് ജില്ല കളക്ടർക്ക് 6 കോടി രൂപയും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിച്ചിട്ടുണ്ടെന്നും മുഖ്യമന്ത്രി വ്യക്തമാക്കി. ഉപജീവനമാർഗ്ഗം നഷ്ടപ്പെട്ടവർക്ക് ഉജ്ജീവനം വായ്പാ പദ്ധതി പുനഃസ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടെന്നും ഉപജീവന മാർഗം നഷ്ടപ്പെട്ട സംരംഭകർക്ക് നഷ്ടപരിഹാരം അനുവദിക്കുന്നതാണെന്നും മുഖ്യമന്ത്രി അറിയിച്ചു. ദുരന്തവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് 2262 കോടി രൂപ ആവശ്യപ്പെട്ടുകൊണ്ടുള്ള മെമ്മോറാണ്ടവും 2221.10 കോടി

രൂപയുടെ പോസ്റ്റ്-ഡിസാസ്റ്റർ നീഡ്സ് അസസ്സ്മെന്റ് റിപ്പോർട്ടും സമർപ്പിച്ചിട്ടുണ്ടെന്നും ദുരന്ത ബാധിതരുടെ വായ്പ എഴുതിത്തള്ളാൻ 2005-ലെ ദുരന്ത നിവാരണ നിയമത്തിലെ 13-ാം വകുപ്പിലെ വ്യവസ്ഥ പുന:സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിന് കത്തയച്ചിട്ടുണ്ടെന്നും സംസ്ഥാനത്തിന് ലഭ്യമാകുന്ന SDRF തുകയല്ലാതെ ചൂരൽമല ദുരന്തത്തിൽപ്പെട്ടവരെ സഹായിക്കാൻ പ്രത്യേക സാമ്പത്തിക സഹായം ലഭ്യമായിട്ടില്ലെന്നും മുഖ്യമന്ത്രി അറിയിച്ചു.

28 (*155) <u>സർക്കാർ ആശുപത്രികളുടെ പശ്ചാത്തല വികസനം</u>

ആരോഗ്യ-വനിത-ശിശുവികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്) നൽകിയ മറുപടിയിൽ, സർക്കാർ ആശുപത്രികളുടെ പശ്ചാത്തല വികസനത്തിന് നിരവധി പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ടെന്നും മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ വകുപ്പ്, കൊച്ചിൻ കാൻസർ സെന്റർ, മലബാർ കാൻസർ സെന്റർ, ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഓർഗാൻ ട്രാൻസ് പ്ലാന്റ്, ആയുഷ് (IRIA) എന്നീ വകുപ്പ്/സ്ഥാപനങ്ങളിൽ കിഫ്ബി ധനസഹായത്തോടുകൂടി 98 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ടെന്നും

സഭയെ അറിയിച്ചു. 2021-2025 കാലയളവിൽ മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനുകീഴിൽ പദ്ധതിയിനത്തിൽ 1274,61,81,415/- രൂപയും നബാർഡ് പ്രോജക്ടുമായി ബന്ധപ്പെട്ട് 77,86,09,820/-രൂപയും കേന്ദ്രാവിഷ്കൃത പദ്ധതിയിൻകീഴിൽ 92,56,82,498 രൂപയും ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിന് കീഴിൽ ഈ കാലയളവിൽ ആകെ 37979.22 ലക്ഷം രൂപയും നബാർഡ് മുഖേന 1,833.99 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ടെന്ന് മന്ത്രി വ്യക്തമാക്കി. പശ്ചാത്തല വികസനത്തിന്റെ ഭാഗമായി റീജിയണൽ കാൻസർ സെന്ററിൽ 17518.15 ലക്ഷം രൂപയും റോബോട്ടിക് സർജറി യൂണിറ്റ് സ്ഥാപിക്കുന്നതിന് 3214.99 ലക്ഷം രൂപയും മലബാർ കാൻസർ സെന്ററിൽ 75.41 കോടി രൂപയും റോബോട്ടിക് കാൻസർ സംവിധാനം സ്ഥാപിക്കുന്നതിന് 30 കോടി രൂപയും ഡിജിറ്റൽ പാത്തോളജി ലാബിലേക്ക് ഉപകരണങ്ങൾ വാങ്ങുന്നതിന് 1.96 കോടി രൂപയും വിവിധ റീജിയണൽ പബ്ലിക് ഹെൽത്ത് ലാബുകളിലേക്കുള്ള ഉപകരണങ്ങൾ വാങ്ങുന്നതിന് 4.73 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. 'ആർദ്രം' പദ്ധതിയിലുൾപ്പെടുത്തി 14 ജില്ല/ജനറൽ ആശുപത്രികളിലെയും 25 താലൂക്കാശുപത്രികളിലെയും ഒ.പി. പരിവർത്തന പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. 107 സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക്തല

കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിന് 31.10 കോടി രൂപയും 740 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തുന്നതിന് 101 കോടി രൂപയും ചെലവഴിച്ചു. ആരോഗ്യ വകുപ്പിന് കീഴിലുള്ള വിവിധ സ്ഥാപനങ്ങളിൽ നടന്നുവരുന്ന നിർമ്മാണ പ്രവർത്തനങ്ങൾ വേഗത്തിലാക്കുന്നതിന് കൃത്യമായ ഇടവേളകളിൽ വകുപ്പ് മേധാവി തലത്തിലും സർക്കാർ തലത്തിലും അവലോകനയോഗം ചേരുകയും നിർദേശങ്ങൾ നൽകുകയും ചെയ്യുന്നുണ്ട്. ജില്ലാ ആശുപത്രികളിൽ കാത്ത് ലാബുകൾ സ്ഥാപിച്ച് ഹൃദ്രോഗ ചികിത്സാച്ചെലവും ഹൃദ്രോഗംമൂലമുള്ള മരണനിരക്കും കുറയ്ക്കാനായിട്ടുണ്ടെന്നും ഇടുക്കി ജില്ലയിൽ കാത്ത് ലാബ് നിർമ്മിക്കുന്നതിന് ഫണ്ടനുവദിച്ചിട്ടുണ്ടെന്നും കെ.ഡി.പി പാക്കേജ് മുഖേന കാസർഗോഡ് മെഡിക്കൽ കോളേജിനായി മുപ്പത് കോടിയോളം രൂപ ചെലവഴിച്ചിട്ടുണ്ടെന്നും ഉപചോദ്യത്തിന് മറുപടിയായി മന്ത്രി അറിയിച്ചു.

..................